**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 190** **08-08-2023 - ൽ മറുപടിയ്ക്ക്**

**പട്ടാമ്പി താലൂക്ക് ആശുപത്രിയിലെ കുട്ടികളുടെ ഐ.സി.യു പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പട്ടാമ്പി താലൂക്ക് ആശുപത്രിയിൽ ഉദ്ഘാടനം നിർവ്വഹിച്ച കുട്ടികളുടെ ഐ.സി.യു. പ്രവർത്തിക്കുന്നുണ്ടോ; | (എ) | പട്ടാമ്പി താലൂക്ക് ആശുപത്രിയിൽ കുട്ടികളുടെ ഐ.സി.യു സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പരിശീലനം ലഭിച്ച സ്റ്റാഫിന്റെ അപര്യാപ്തത മൂലം നിലവിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ആയത് പരിഹരിക്കാൻ സ്റ്റാഫ് നഴ്സ്, അനുബന്ധ മറ്റ് സ്റ്റാഫുകൾ എന്നിവർക്ക് എൻ.എച്ച്.എം മുഖേന പരിശീലനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതാണ്. |
| (ബി) | നാളിതുവരെ എത്ര കുട്ടികളെ ഐ.സി.യു.-വിൽ കിടത്തി ചികിത്സിച്ചു; ചികിത്സ നൽകുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദവിവരം നൽകാമോ; | (ബി) | മറുപടി A പിരിവിൽ ചേർത്തിട്ടുണ്ട് |
| (സി) | ചികിത്സയ്ക്ക് പര്യാപ്തമായ സംവിധാനങ്ങളില്ലെന്ന് പറഞ്ഞ് രോഗികളെ തിരിച്ചയയ്ക്കുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ജീവനക്കാരുടെ കുറവ് പരിഹരിക്കാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ